(ഡി) ഭാരവണ്ടികളുടെ ബാഹുല്യം പരിഗണിച്ച് റോഡുകളുടെ ഉപരിതലത്തിന്റെ ഘനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) റോഡുകൾ പുനരുദ്ധരിക്കുമ്പോൾ വീതി കൂട്ടുവാൻ പ്രതിഫലം വാങ്ങാതെ സ്ഥലം വിട്ടുനൽകുന്നവർക്ക് മതിലുകൾ പുനഃസ്ഥാപിക്കുവാനുള്ള തുക നൽകുമോ ;

(എഫ്) റോഡുകളിൽ നിന്നുള്ള ജലനിർഗ്ഗമന മാർഗ്ഗങ്ങൾ നിലനിർത്തുവാൻ നിയമവ്യവസ്ഥ കൊണ്ടുവരുമോ എന്ന് വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ഉണ്ട്.

(ബി) സ്വീകരിച്ചുവരികയാണ്.

(സി) ദേശീയ സംസ്ഥാന റോഡുകൾ, മേജർ ഇന്റർ ഡിസ്ട്രിക്ട് റോഡുകൾ എന്നിവയുടെ വിപുലീകരണ പ്രവർത്തനങ്ങൾക്ക് ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിലവിലുണ്ട്. ഇവ പരമാവധി പാലിച്ചാണ് പ്രസ്തുത റോഡുകളുടെ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

(ഡി) റോഡുകളുടെ ഉപരിതലം ബിറ്റുമിനസ് മെക്കാഡം & ബിറ്റുമിനസ് കോൺക്രീറ്റ് എന്ന മിശ്രിതം ഉപയോഗിച്ച് ബലപ്പെടുത്തുന്ന പ്രവൃത്തികൾ ഘട്ടംഘട്ടമായി ഏറ്റെടുത്തു ചെയ്തുവരുന്നു.

(ഇ) പരിഗണിക്കാവുന്നതാണ്.

(എഫ്) പരിഗണിക്കാവുന്നതാണ്.

റോഡുകൾ ദേശീയപാതയാക്കുന്നത് സംബന്ധിച്ച്

18 (*468) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്ത് പുതിയ ദേശീയപാതകൾ പ്രഖ്യാപിക്കുന്ന സാഹചര്യത്തിൽ കേരളത്തിൽ നിന്നും ഏതെങ്കിലും റോഡുകൾ ദേശീയപാതയാക്കണമെന്ന് സർക്കാർ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പാതകൾ എൻ.എച്ച്. ആക്കണമെന്നാണ് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കോഴിക്കോട്-ചെറുപ്പ-നിലമ്പൂർ-ഗൂഡല്ലൂർ റോഡ് നാഷണൽ ഹൈവേയാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ദേശീയപാതയാക്കുന്ന കാര്യത്തിൽ എന്തെങ്കിലും നിബന്ധന സംസ്ഥാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ഉണ്ട്.

(ബി & സി) കോഴിക്കോട്-ചെറുപ്പ- നിലമ്പൂർ - ഗൂഢല്ലൂർ റോഡ് ഉൾപ്പെടെ സംസ്ഥാനത്തെ ഏഴ് പ്രധാന റോഡുകൾ ദേശീയപാതകളായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) സംസ്ഥാന സർക്കാർ പ്രത്യേക നിബന്ധനകളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

പറമ്പിക്കുളം കടുവ സംരക്ഷണകേന്ദ്രം സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടി

19 (*469) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ഹംസ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം കടുവ സംരക്ഷണകേന്ദ്രം സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) എത്ര ഏക്കർ വനപ്രദേശം ഇതിനായി സംരക്ഷിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട് ;

(സി) സംരക്ഷിത മേഖലയിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ ; കടുവ സംരക്ഷിത മേഖലയിൽ എത്ര കടുവകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പദ്ധതിക്കായി എത്രകോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) പറമ്പിക്കുളം വന്യജീവി സങ്കേതത്തിന്റെ 235 ച.കി.മി. സ്ഥലം കോർ അഥവാ ക്രിട്ടിക്കൽ ടൈഗർ ഹാബിറ്റാറ്റ് ആയി 31-12-2007 ലെ ജി.ഒ.(പി) നമ്പർ 75/2007/F&WLD പ്രകാരം പ്രഖ്യാപിച്ചിരുന്നു. ഇതിനെ തുടർന്ന് ഈ പ്രദേശം ഒരു കടുവാ സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമത്തിന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly